# ഭരണനവീകരണം അടിമത്തത്തിന്റെ പുത്തൻമുഖമോ?

**അശോകൻ ഞാറയ്ക്കൽ**

മൂന്നാം ലോകരാജ്യങ്ങളിൽ ഭരണനവീകരണം അനിവാര്യമാണെന്ന വാദം പുതിയ അടിമത്തത്തിന്റെ തുടക്കമാകുന്നു. ലോകബാങ്കും ഐ.എം.എഫും ധനികരാജ്യങ്ങളിലെ ഭരണാധികാരികളും മുന്നോട്ട് വെക്കുന്ന ഈ വാദം ആഗോളവൽക്കരണത്തിന്റെ അജണ്ടയുടെ ഭാഗമാണ്.

മൂന്നാം ലോകരാജ്യങ്ങളിലെ ഭരണകൂടങ്ങൾ അഴിമതിയിലും കെടുകാര്യസ്ഥതയിലും അഗ്രഗണ്യരാണെന്നും ബ്യൂറോക്രസി ജനങ്ങളുടെ മേൽ യജമാനത്തം ചമയുകയാണെന്നും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഭരണകൂടങ്ങൾ നവീകരിക്കണമെന്നുള്ളത് സ്വീകരിക്കപ്പെടേണ്ടതാണ്. എന്നാൽ ഇതിനാവശ്യമായ സാമ്പത്തിക സഹായങ്ങളുമായി ലോകബാങ്കും എ.ഡി.ബിയും പോലുള്ള സ്ഥാപനങ്ങൾ രംഗത്തു വരുമ്പോഴാണ് സംശയങ്ങൾ ഉയരുന്നത്. അമേരിക്കയും ജപ്പാനുമുൾപ്പെടെയുള്ള മിക്ക വികസിതരാജ്യങ്ങളും അഴിമതിയിൽ പിന്നിലല്ല എന്നുള്ള വാദം മറച്ചുപിടിക്കപ്പെടുന്നതും ശ്രദ്ധേയമാണ്.

ഭരണനവീകരണത്തിനുള്ള നിർദ്ദേശങ്ങളിൽ തന്നെ അനവധി വൈരുദ്ധ്യങ്ങളുണ്ട്. ഭരണത്തിന്റെ സമഗ്രമായ കമ്പ്യൂട്ടറൈസേഷന്റെ (ഇ-ഗവേണൻസ്) ഭാഗമായി എല്ലാ പൗരന്മാരുടെയും വ്യക്തിഗതസ്വകാര്യ വിവരങ്ങളും (നാഷണൽ ഐഡി കാർഡ് ഡാറ്റാബേസ്) വരുമാന കണക്കുകളും, നികുതി ബാധ്യതകളും സ്വത്തുവിവരങ്ങളും സർക്കാരിലെ വകുപ്പുകളുടെ ഇടപാടുകളും എല്ലാം കമ്പ്യൂട്ടറിലെത്തി. തങ്ങളെ സംബന്ധിച്ച എല്ലാ നിർണ്ണായകവിവരങ്ങളും ഭരണകൂടത്തിന്റെ കയ്യിലുണ്ടെന്ന് തിരിച്ചറിയുന്ന സാധാരണ പൗരരിൽ ഭൂരിപക്ഷവും സ്വാഭാവികമായും ഭരണകൂടത്തിന് തീർത്തും വിധേയരാകും. ഭരണകൂടം സർവശക്തമാകും. ഒറ്റനോട്ടത്തിൽ ഇത് നല്ലതാണെന്നു തോന്നാം. പക്ഷെ ഇത്രയും വമ്പിച്ച അറിവും അധികാരവും കേന്ദ്രീകരിക്കുന്ന ഇ-ഭരണത്തിലെ ഭരണാധികാരികൾ ജനവിരുദ്ധരായാലോ? ജനങ്ങളെ രക്ഷിക്കേണ്ട ഉത്തരവാദിത്തം ഞങ്ങൾക്കില്ല, അത് കമ്പോളം നോക്കിക്കൊള്ളും എന്നവർ വാദിക്കും. അതേസമയം ഭരണകൂടത്തിന്റെ നിരുത്തരവാദിത്തത്തിനെതിരെ പ്രതിഷേധിക്കുന്നവരെ അവർ തിരഞ്ഞ് പിടിച്ച് കഠിനമായി ശിക്ഷിക്കുകയും ചെയ്യും. ഒരു പുത്തൻ കമ്പ്യൂട്ടറൈസ്ഡ് ഏകാധിപത്യത്തിലേക്കല്ലേ അത് ചെന്നെത്തുക!

ഭരണകൂടത്തെ പിരിച്ചുവിടാനായി ഇനി എല്ലാം അദൃശ്യരായ കമ്പോളശക്തികൾ നോക്കിക്കൊള്ളുമെന്ന് പറഞ്ഞ കമ്പോള മൗലികവാദികൾ അവസാനം ചെന്നെത്തിയിരിക്കുന്നത് കമ്പോളത്തിന്റെ മേൽനോട്ടമുൾപ്പെടെ എല്ലാം ലോകമെമ്പാടും പരന്നുകിടക്കുന്ന കമ്പ്യൂട്ടർ ശൃംഖലകളെ ഉപയോഗിച്ച് ഒരു അതികേന്ദ്രീകൃത ഭരണകൂടം നിർവഹിക്കുമെന്ന വാദത്തിലാണ്. അദൃശ്യമായ കമ്പോളദൈവത്തിനെ അദൃശ്യനായ ആഗോളചക്രവർത്തി പകരം വെക്കുമെന്ന് സാരം. ആരായിരിക്കും ആ ആഗോള ചക്രവർത്തി?

ഭരണനവീകരണശ്രമങ്ങളുടെ നേതൃത്വം ജനകീയപ്രസ്ഥാനങ്ങൾ പിടിച്ചെടുക്കുക എന്നതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ആഗോള ജനകീയകൂട്ടായ്മയുടെ ഭാഗമായി ഉയർത്തപ്പെട്ടിട്ടുള്ള വേറൊരു ലോകം സാധ്യമാണ് എന്ന പുതിയ മുദ്രാവാക്യം കാലികമാവുന്നത് ഈ സാഹചര്യത്തിലാണ്. ഇനിയുള്ള നാളുകളിൽ നമ്മുടെ അന്വേഷണങ്ങൾ ആ ദിശയിലാകട്ടെ.